(ബി&സി) വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമൊന്നുമെടുത്തിട്ടില്ല. വൈദ്യുതി ബോർഡ് 2015-16 വർഷത്തെ പ്രതീക്ഷിത വരവു ചെലവു കണക്കുകളെ സംബന്ധിച്ച പെറ്റീഷൻ (ARR&ERC) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരുന്നു. പ്രസ്തുത പെറ്റീഷൻ പ്രകാരം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും റഗുലേറ്ററി കമ്മീഷന്റെ മുമ്പാകെ സമർപ്പിച്ചിട്ടില്ല. റഗുലേറ്ററി കമ്മീഷൻ പ്രസ്തുത പെറ്റീഷനുമേൽ ഇനിയും തീരുമാനമെടുത്തിട്ടില്ല.

എനർജി ഇന്നവേഷൻ സോൺ

27 (2228) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള എനർജി ഇന്നവേഷൻ സോണിനു വേണ്ടി എത്ര തുകയാണ് 2014-15, 2015-16-ൽ ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

എനർജി ഇന്നവേഷൻ സോണിനുള്ള സാമ്പത്തിക സഹായമായി 50 ലക്ഷം രൂപ സംസ്ഥാന സർക്കാർ 2013-14-ലെ ബജറ്റിൽ ഇന്നവേഷൻഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. ഇതിൽ നിന്നും 2013 ജൂലൈ 1 മുതൽ 2014 ജൂൺ 30 വരെ 24,40,937 രൂപയും 2014 ജൂലൈ 1 മുതൽ 2015 ജൂൺ 30 വരെ 24,43,318 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ ഊർജ്ജമേഖലയിലെ നവീന ആശയങ്ങളുള്ള 6 സംരംഭകർക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള സാമ്പത്തിക സഹായമായി 2014-15 സാമ്പത്തികവർഷത്തിൽ 45,80,225 രൂപ നൽകുകയുണ്ടായി. 2015-16 കാലയളവിൽ നവീന ആശയങ്ങളുള്ള 9 സംരഭകരെ തെരഞ്ഞെടുത്തിട്ടുണ്ട്. അവർക്കുള്ള സാമ്പത്തിക സഹായമായ 54,92,710 രൂപ കെ.എസ്.ഇ.ബി. നേരിട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജലത്തിൽ നിന്നല്ലാതെയുള്ള വൈദ്യുത പദ്ധതികൾ

28 (2229) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതിയിൽ കൂടിയല്ലാതെ വൈദ്യുതി ഉൽപാദിക്കുന്നതിനുള്ള പ്രഖ്യാപനങ്ങളുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലവൈദ്യുതിയല്ലാതെ എത്ര വൈദ്യുതി ഉൽപാദനത്തിനാണ് ഈ സർക്കാരിന്റെ കാലയളവിൽ പ്രഖ്യാപനം നടത്തിയിരുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ ഉദ്ദേശ്യത്തിനനുസരിച്ച് പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ജലവൈദ്യുത പദ്ധതിയല്ലാതെ വൈദ്യുതി ഉല്പാദനത്തിന് ഈ സർക്കാർ പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഇല്ല. ആയതിന്റെ കാരണങ്ങൾ അനുബന്ധത്തിൽ പരാമർശിച്ചിട്ടുണ്ട്.*

ഊർജ്ജ സംരക്ഷണത്തിനായുള്ള പദ്ധതികൾ

29 (2230) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ഊർജ്ജസംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഓരോന്നിനും എത്ര തുക വീതം ചെലവഴിച്ചുവെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി എനർജി മാനേജ്മെന്റ് സെന്റർ ആവിഷ്കരിച്ച പദ്ധതികളും ഓരോന്നിനും ചെലവായ തുകയും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 2013- ൽ ലാഭപ്രഭ സീസൺ-1 പദ്ധതിക്കായി മൊത്തം 8 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ 6 കോടി രൂപ പ്രചാരണത്തിനും 2 കോടി രൂപ സമ്മാനം നൽകുന്നതിനും വേണ്ടിയാണ് നീക്കിവച്ചത്. പ്രചാരണത്തിനായി മൊത്തം 6 കോടി രൂപ ഉണ്ടായിരുന്നെങ്കിലും 3.5 കോടി രൂപ പ്രചാരണ ചെലവും 60 ലക്ഷം രൂപ സമ്മാനം നൽകുന്നതിനുംവേണ്ടി ചെലവായി. 2014-ലെ ലാഭപ്രഭ സീസൺ-2 ലേയ്ക്കായി മൊത്തം 12.5 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അതിൽ 2 കോടി രൂപ പ്രചാരണത്തിനു വേണ്ടി ചെലവായി. സമ്മാന വിതരണത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിന് 2014-15 സാമ്പത്തിക വർഷം ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയായ 1.95 കോടി രൂപക്ക് ആവിഷ്കരിച്ച പദ്ധതികളും ഓരോന്നിനും ചെലവായ തുകയും അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly